പതിമൂന്നാം കേരളനിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1609 16/03/2015 ൽ മറുപടിയ്ക്ക്.

# ആശ്രിതനിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ: | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പർ ആയി ജോലി ചെയ്തിരുന്ന രാജീവൻ. സി.എച്ച്.-ന്റെ മരണശേഷം ഭാര്യ പത്മജയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;<br><br>(ബി) സെക്രട്ടേറിയറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ.പി.എ.3/72922/13 ഫയൽ തീർപ്പ് കൽപ്പിച്ച് നിയമനം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) പത്മജയ്ക്ക് ആശ്രിതനിയമനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ? | (എ) യും (ബി) യും (സി) യും | കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം റോഡ് സ്വീപ്പറായി ജോലി നോക്കിവരവെ മരണമടഞ്ഞ രാജീവൻ സി. എച്ച്-ന്റെ വിധവയും അനന്തരാവകാശിയുമായ ശ്രീമതി. പത്മജ.എം സമർപ്പിച്ച അപേക്ഷ ഫയൽ നമ്പർ 72922/ഇ.പി.എ 3/2013/ തസ്വഭവ പ്രകാരം സർക്കാർ പരിശോധിച്ച് വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് രാജീവൻ സി. എച്ച് ജോലിയിൽ പ്രവേശിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലിയിൽ പ്രവേശിച്ച റോഡ് സ്വീപ്പർമാർക്ക് ആശ്രിത നിയമന വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുമോ എന്നതിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ നിയമനം നൽകിയ ഉത്തരവിന്റെ തീർപ്പുഫയൽ ലഭ്യമാക്കാൻ ആ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇതിന് മറുപടിയായി രാജീവന് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പ്, പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാ |

പിച്ച ഉത്തരവിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാന ത്തിന്റെ പകർപ്പ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിച്ചു കൊണ്ടുള്ള നടപടി ക്രമങ്ങളുടെ പകർപ്പുകളാണ് പഞ്ചായത്ത് ഡയറക്ടർ ഹാജരാക്കിയത്. എന്നാൽ ഇത് സംബന്ധിച്ച തീർപ്പുഫയൽ ലഭ്യമാക്കാൻ വീണ്ടും കത്തയച്ചെങ്കിലും മേൽ രേഖകളുടെ പകർപ്പുകൾ മാത് രമാണ് തീർപ്പുഫയൽ ഇന ത്തിൽ ഉള്ളതെന്ന് കാസർ ഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനാൽ ഇക്കാര്യം അറിയിച്ച് ഫയൽ വീണ്ടും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭി പ്രായം ആരാഞ്ഞപ്പോൾ മരണ മടഞ്ഞ രാജീവൻ സി.എച്ചിന്റെ സേവനപുസ്തകം സഹിതം ഫയൽ ആവശ്യപ്പെട്ടതനുസരിച്ച് 05/02/2015 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ട റോട് ആവശ്യപ്പെട്ടെങ്കിലും നാളിതു വരെ സേവന പുസ്തകം ഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല. സേവനപുസ്തകം ലഭ്യമാക്കി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രാ യവും കണക്കിലെടുത്ത് ഇക്കാര്യ ത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ